"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ്-കെ.എസ്.ബി.ബി. 65-ാമത് ബോർഡ് മീറ്റിംഗുമായി ബന്ധപ്പെട്ട് ബോർഡിന്റെ നോൺ ഒഫീഷ്യൽ അംഗം ഡോ. എസ്.ഡി.ബിജുവിന്റെ വിമാന യാത്രയ്ക്ക് അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2025/ENVT തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം :- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 27-02-2025-ലെ കത്ത് നം.74/2024/CA-Part(1) കെ.എസ്.ബി.ബി

**ഉത്തരവ്**

20-03-2025-ന് കെ.എസ്.സി.എസ്.റ്റി.ഇ. ശാസ്ത്ര ഭവനിൽ വച്ച് നടക്കുന്ന ജൈവവൈവിധ്യ ബോർഡിൻ്റെ 65-മത് യോഗത്തിൽ പങ്കെടുക്കുന്നതിന് അനൗദ്യോഗിക അംഗമായ ഡോ.എസ്.ഡി.ബിജു (പ്രൊഫ., ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ്, ഡൽഹി യൂണിവേഴ്സിറ്റി), ന്യൂഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേക്ക് എത്തേണ്ടതായിട്ടുള്ളതിനാൽ യാത്ര ചെയ്യുവാനുള്ള അനുമതി നൽകണമെന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2008-ലെ കേരള ജൈവവൈവിധ്യ നിയമത്തിലെ ഖണ്ഡിക 6(3) പ്രകാരം, ഡോ.എസ്.ഡി.ബിജു-വിനു സംസ്ഥാന സർക്കാരിന്റെ Class I ഉദ്യോഗസ്ഥർക്ക് അനുവദനീയമായ യാത്രാബത്തകൾക്ക് അർഹതയുള്ളതിനാൽ, ഡോ.എസ്.ഡി.ബിജു-വിനു ന്യൂഡൽഹിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും, തിരിച്ചുമുള്ള വിമാന യാത്രക്കുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.റ്റി.സന്തോഷ് കുമാർ
അഡിഷണൽ സെക്രട്ടറി

Signed by
ഉത്തരവിൻ പ്രകാരം
Dhanya Sadasivan
Date: 10-03-2025 17:00:44
സെക്ഷൻ ഓഫീസർ

പകർപ്പ്:-
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ്), കേരളം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്